## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**08.01.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചതിരിഞ്ഞ് 2.45 ന് ബഹു. പഞ്ചായത്ത് വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.01..2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2013-14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവിൽ മുൻവർഷത്തെ അപേക്ഷിച്ച് കാര്യമായ പുരോഗതി ദൃശ്യമാണെന്ന് യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്തുകൾ പദ്ധതിയുടെ 34.61 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 58.2 ശതമാനവും, മുനിസിപ്പാലിറ്റികൾ 29.1 ശതമാനവും, കോർപ്പറേഷനുകൾ 27.8 ശതമാനവും ചെലവാക്കിയതായി കാണപ്പെട്ടു. തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ നിർവഹണ ഉദ്യോഗസ്ഥന്മാരാകുന്ന പ്രോജക്ടുകളുടെ ചെലവിനത്തിൽ പുരോഗതിയുണ്ടെന്നും എന്നാൽ എഞ്ചിനീയർമാർ നിർവഹണ ഉദ്യോഗസ്ഥന്മാരാകുന്ന പ്രോജക്ടുകളുടെ ചെലവിൽ പുരോഗതി ഇല്ല എന്നും അഭിപ്രായം ഉയർന്നു. അതിനാൽ മരാമത്ത് പണികളുടെ ബിൽ തയ്യാറാക്കുന്നതിലെ കാലതാമസം പരിശോധനാ വിധേയമാക്കുന്നതിന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചു. ബില്ല് തയ്യാറാക്കുന്നത് മാർച്ച് വരെ നീട്ടിക്കൊണ്ടുപോകുന്ന പ്രവണത ശരിയല്ലെന്നും യോഗം നിർദ്ദേശിച്ചു.

**2.2** ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ച് ഓരോ യോഗത്തിലും അവതരിപ്പിക്കേണ്ടതാണെന്നു തീരുമാനിച്ചു. ജില്ലാ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ മുഖേന മേലിൽ ഫണ്ട് റിലീസ് ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ടെന്നും അഭിപ്രായം ഉയർന്നു.

**2.3** ഭവന നിർമ്മാണം, പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എൽ.ജി.എസ്.ഡി.പി. ഗ്രാന്റ് എന്നിവയുടെ വിതരണത്തിന് കാലതാമസം എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നേരിടുന്ന പ്രതിസന്ധി എന്നു യോഗം വിലയിരുത്തി. ഇന്ദിര ആവാസ് യോജന ഉൾപ്പെടെയുള്ള ഭവന പദ്ധതികളുടെ നിർവഹണത്തിന് വായ്പ എടുക്കാതെ മുന്നോട്ടു പോകാനാവില്ലെന്ന് യോഗം അഭിപ്രായപ്പെട്ടു. പട്ടികജാതി വികസനവകുപ്പും മത്സ്യ ബന്ധന വകുപ്പും മറ്റും വായ്പ എടുത്തിട്ടുള്ള സാഹചര്യത്തിൽ സർക്കാർ വകുപ്പുകൾക്കും വായ്പ എടുക്കാവുന്നതാണ്. ഹഡ്കോയിൽ നിന്നോ സഹകരണ സ്ഥാപനങ്ങളിൽ നിന്നോ വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച് കൂടുതൽ വിശദമായ ചർച്ചകൾ പിന്നീട് നടത്താൻ തീരുമാനിച്ചു.

**2.4** 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിതരണം സംബന്ധിച്ച് മന്ത്രിസഭയ്ക്ക് സമർപ്പിക്കാൻ കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിച്ചു.

2.5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പ് വർഷത്തെ പ്രോജക്ടുകളിൽ ഭേദഗതിക്കുള്ള സമയപരിധി 2014 ജനുവരി 15-ന് അവസാനിപ്പിക്കാൻ തീരുമാനിച്ചു. അതിന് ശേഷം ഒരു കാരണവശാലും ഭേദഗതികൾ അംഗീകരിക്കേണ്ടതില്ലെന്നും നിശ്ചയിച്ച് തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 വടകര നഗരസഭ (ഫയൽനം.56279/ഡി.സി2/13/തസ്വഭവ) തീയതി .08.01.2014

വടകര നഗരസഭ അഗതി പുനരധിവാസ പദ്ധതി പ്രകാരം നടപ്പിലാക്കിയ ഭക്ഷ്യധാന്യ വിതരണം റേഷൻകട വഴി നടത്തുന്നതിനുപകരം നഗരസഭയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ വഴി വാങ്ങി വിതരണം ചെയ്തതിൽ അധികം ചെലവായ തുക ചലഞ്ച് ഫണ്ട്, പ്ലാൻഫണ്ട് എന്നിവയിൽ നിന്നും വിനിയോഗിക്കാനുള്ള നഗരസഭയുടെ ആവശ്യം യോഗം നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 പുറക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽനം.59960/ഡി.എ2/13/തസ്വഭവ)

**തീയതി .08.01.2014**

പുറക്കാട് ഗ്രാമപഞ്ചായത്തിലെ ഗവ.ഐ.റ്റി.ഐ. യ്ക്ക് സ്ഥലവും കെട്ടിടവും ലഭ്യമല്ലാതിരുന്ന കാലത്തേയ്ക്ക് വാടകയിനത്തിൽ നൽകേണ്ട കുടിശ്ശിക തുകയും 2013-14-ലെ വാടകയും നൽകുന്നതിന് 2013-14-ൽ പ്രോജക്ട് വയ്ക്കാൻ അനുവദിക്കണമെന്ന പഞ്ചായത്തിന്റെ ആവശ്യം ഒരു പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽനം.76172/ഡി.ബി1/13/തസ്വഭവ)

**തീയതി .08.01.2014**

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെയും ഏങ്ങിയൂർ ഗ്രാമപഞ്ചായത്തിലെയും രണ്ട് ഗ്രന്ഥശാലകളുടെയും രണ്ട് സ്പോർടസ് ക്ലബുകളുടെയും കെട്ടിട നിർമ്മാണം നടത്തുവാനുള്ള പ്രോജക്ടുകൾ അംഗീകരിക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം ചർച്ച ചെയ്തു. ജില്ലാപഞ്ചായത്ത് നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം അതത് ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യണം എന്ന വ്യവസ്ഥയിൽ അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 മടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.76214/ഡി.ഡി2/13/തസ്വഭവ)

**തീയതി .08.01.2014**

മടവൂർ ഗ്രാമപഞ്ചായത്തിന് 2013-14 സാമ്പത്തിക വർഷത്തിൽ പട്ടിക വർഗ വികസനത്തിനു ലഭിച്ച ഫണ്ട് കുറവായതിനാൽ പട്ടികജാതി വികസന ഫണ്ടിൽ നിന്നും വകമാറ്റാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ റ്റി.എസ്.പി, എസ്.സി.പി. ഫണ്ടുകൾ പരസ്പരം മാറ്റാനോ വകമാറ്റി ചെലവാക്കാനോ പാടില്ലെന്നും ജനറൽ ഫണ്ടിൽ നിന്നും ആവശ്യമായ തുക ഈ രണ്ടു വിഭാഗങ്ങൾക്കും ഉപയോഗിക്കാവുന്നതാണെന്നും പഞ്ചായത്തിനെ അറിയിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പന്തളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.79516/ഡി.ഡി2/13/തസ്വഭവ)**

**തീയതി .08.01.2014**

സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകാൻ അനുവദിക്കണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വേങ്ങര ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.79272/ഡി.ഡി2/13/തസ്വഭവ)**

**തീയതി .08.01.2014**

നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കാനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പുല്ലൂർ പെരിയ ഗ്രാമപ ഞ്ചായത്ത് (ഫയൽനം66918/എഫ്.എം.3/13/തസ്വഭവ)**

**തീയതി .08.01.2014**

നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ജലനിധി പദ്ധതി നടപ്പാക്കാനുള്ള ആവശ്യം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കാനാവില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം/791022/ഡി.ഡ.2/13/തസ്വഭവ)**

**തീയതി .08.01.2014**

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുടെയും മൈനർ ഇറിഗേഷൻ പദ്ധതികളുടെയും എസ്റ്റിമേറ്റ്സ് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാനുള്ള നിർദ്ദേശം അംഗീകരിക്കാനാവില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മങ്കട ഗ്രാമപഞ്ചായത്ത് (ഫയൽനം. 75133/എഫ്.എം.3/13/തസ്വഭവ)**

**തീയതി .08.01.2014**

മങ്കട ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളിൽ നിന്ന് ഗാർഹിക കണക്ഷൻ എടുക്കുന്നതിന് സാമ്പത്തികശേഷി ഇല്ലാത്ത ബി.പി.എൽ കുടുംബങ്ങൾക്കും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കും പഞ്ചായത്ത് തീരുമാനപ്രകാരം സബ്സിഡി നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കൊല്ലം ജില്ലാ പഞ്ചായത്ത് – വികലാംഗർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.** തീയതി .08.01.2014

വികലാംഗർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ നൽകുന്നതിന് മാർഗരേഖയിൽ ഇപ്പോൾ തന്നെ വ്യവസ്ഥയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.45688/ഡി.ഡി2/13/തസ്വഭവ)**
**തീയതി .08.01.2014**

ബ്ലോക്ക് പഞ്ചായത്തിലെചോറ്റാനിക്കര-തിരുവാണിയൂർ എം.എൽ.എ റോഡ് പ്രവൃത്തി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതുവഴി ചെലവു വന്ന 357730/- രൂപ 2013-14 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.80908/ഡി.ഡി2/13/തസ്വഭവ)**
**തീയതി .08.01.2014**

2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മാതൃ-ശിശു ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക 2013-14, 2014-15 വർഷങ്ങളിൽ ചെലവഴിക്കാൻ അനുവദിക്കണമെന്ന ആവശ്യം യോഗം ചർച്ച ചെയ്തു. കേന്ദ്രസർക്കാർ പോഷകാഹാരത്തിനു മുൻപു നൽകിയതും എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ചു നിർവഹിച്ചതു വഴി ബാക്കി നിൽക്കുന്ന ഫണ്ടാണ് ഉപയോഗിക്കുന്നത് എന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 15.01.2014-ന് 8 am - ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***

(യോഗം 3.30-ന് അവസാനിച്ചു.)